പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
ചോദ്യം നം. 122 — 30/09/2016-ൽ മറുപടിയ്ക്ക്

## ഉത്സവ സീസണുകളിൽ സംഭരിക്കുന്ന പച്ചക്കറികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അൻവർ സാദത്ത്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, പി.ടി. തോമസ്**<br>**,, വി.ടി.ബൽറാം** | | **ശ്രീ.വി.എസ്.സുനിൽകുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഉത്സവ സീസണുകളിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവ പച്ചക്കറികൾ ശേഖരിച്ച് വിപണിയിലെത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;<br><br>(ബി) എവിടെ നിന്നെല്ലാമാണ് പച്ചക്കറികൾ ശേഖരിക്കുന്നതെന്ന് വിവരിക്കുമോ; | (എ) & (ബി) | ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ച് വിപണിയിൽ എത്തിക്കാറുണ്ട്. സംസ്ഥാനത്തെ കർഷക സംഘങ്ങൾ, ആറ് കാർഷികമൊത്ത വ്യാപാര വിപണികൾ, സംഘമൈത്രി, വി.എഫ്.പി.സി.കെ എന്നിവിടങ്ങളിൽ നിന്നും കൂടാതെ കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് സംഭരിച്ച് വിപണിയിൽ എത്തിക്കുന്നുണ്ട്.<br>ഈ കഴിഞ്ഞ ഓണക്കാലത്ത് കൃഷിക്കാരുടെ ഉത്പന്നങ്ങൾ മറ്റു വ്യാപാരികൾ നൽകുന്നതിനേക്കാൾ 10% അധിക വില നൽകി കർഷകരിൽ നിന്നും സംഭരിക്കുകയും കമ്പോള വിലയേക്കാൾ 30% കുറവു വിലയ്ക്ക് ഉപഭോക്താക്കൾക്ക് 1350 ഔട്ട് ലെറ്റുകളിലൂടെ വിൽപ്പന നടത്തുകയും ചെയ്തു.<br>കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചു വരുന്ന 274 സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് ലേലം വഴി വിപണനം നടത്തുകയാണ് ചെയ്യുന്നത്. |

..........2

| | | | |
|---|---|---|---|
| (സി) | ശേഖരിക്കുന്ന പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിന് മുൻപ് ഇവ കേട്ടുകൂടാതെ സൂക്ഷിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; | (സി) | ഹോർട്ടികോർപ്പിന്, സംഭരിക്കുന്ന പച്ചക്കറികൾ സൂക്ഷിക്കുവാനുള്ള ഗോഡൗണുകൾ ഉണ്ട്. പച്ചക്കറികൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംഭരണികൾ പരിമിതമാണ്. നിലവിലുള്ളവ തന്നെ പ്രവർത്തന സജ്ജമല്ലാത്തതോ, മറ്റു ഉപയോഗങ്ങൾക്ക് നൽകുകയോ ചെയ്തിരുന്നത് പുന:സ്ഥാപിക്കാനും, പുതിയ ശീതീകരണ സംവിധാനങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിച്ചു വരുന്നു. ശീതീകരണ സംഭരണികൾ പര്യാപ്തമല്ലാത്തതിനാൽ അധിക ദിവസം സൂക്ഷിക്കാതെ തന്നെ വിതരണം ചെയ്യുന്ന രീതിയാണ് ഇപ്പോൾ ഹോർട്ടികോർപ്പിൽ നിലവിലുള്ളത്. പച്ചക്കറികൾ കേട്ടു കൂടാതെ സംഭരിക്കുന്നതിനായി 10 മൊബൈൽ കൂൾ ചേമ്പറുകൾ RKVY ധനസഹായത്തോടെ സ്വാശ്രയ കർഷക സമിതികൾക്കായി വി.എഫ്.പി.സി.കെ നൽകിയിട്ടുണ്ട്. |
| (ഡി) | ഉത്സവ സീസണുകളിൽ സംഭരിക്കുന്ന പച്ചക്കറികൾ കേട്ടുകൂടാതെ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതിനാൽ നശിച്ചു-പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകാറുണ്ടോ; | (ഡി) | ഹോർട്ടികോർപ്പ് മുഖേന ഉത്സവ സീസണുകളിൽ ആവശ്യമനുസരിച്ച് മാത്രം പച്ചക്കറികൾ സംഭരിക്കുകയാണ് ചെയ്യാറുള്ളത്. എന്നാൽ ഈ ഓണക്കാലത്ത് പടവലം, വെള്ളരി, കുമ്പളം, പയർ തുടങ്ങിയവ ചില സ്ഥലങ്ങളിൽ കർഷകർ കൂടുതലായി ഉല്പാദിപ്പിച്ചതിനാൽ ഹോർട്ടികോർപ്പ് അവ മുഴുവനും സംഭരിക്കുകയും, ആവശ്യത്തിലധികം ലഭിച്ചതിനാൽ കേടായി പോകുന്നത് ഒഴിവാക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ അഗതി മന്ദിരങ്ങളിലും ആതുരാലയങ്ങളിലും സൗജന്യമായി നൽകുകയും ചെയ്തിട്ടുണ്ട്.<br>വി.എഫ്.പി.സി.കെ ഉത്സവ സീസണുകളിൽ സംഭരിക്കുന്ന പച്ചക്കറികൾ ചില്ലറ വില്പന ശാലകൾ വഴി വിറ്റഴിക്കാറുണ്ട്. |

..........3

(ഈ) ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഇ) ഈ സ്ഥിതി ഭാവിയിൽ ഒഴിവാക്കുന്നതിനായി ശാസ്ത്രീയമായ പച്ചക്കറി വിള ആസൂത്രണ കലണ്ടർ തയ്യാറാക്കുവാൻ സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ട്. കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, ഹോർട്ടികോർപ്പ് എന്നിവിടങ്ങളിലെ വിദഗ്ദരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ ബ്ലോക്കിലും പഞ്ചായത്തു തലങ്ങളിൽ ഏതിനം പച്ചക്കറി എത്ര മാത്രം ഏതൊക്കെ സമയങ്ങളിൽ കൃഷി ചെയ്യണമെന്നും, അതിൽ നിന്നും എത്ര വിളവ് പ്രതീക്ഷിക്കുന്നുവെന്നും ചർച്ചകളുടെ അടിസ്ഥാനത്തിൽ ആസൂത്രണ കലണ്ടർ തയ്യാറാക്കി കൂടുതൽ വിളവ് കൊണ്ടുളള വില നഷ്ടവും, വിളവ് കുറയുന്നതു-കൊണ്ടുളള ഉല്പന്ന അപര്യാപ്തതയും ഒഴിവാക്കുവാൻ വരും നാളുകളിൽ സാധിക്കും.

സെക്ഷൻ ഓഫീസർ